# പതിനാലാം കേരള നിയമസഭ

## പതിനൊന്നാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ. 1465

07.06.2018-ൽ മറുപടിയ്ക്ക്

### വില്ലേജ് ഓഫീസുകളുടെ പ്രവർത്തനം

| ചോദ്യം : | മറുപടി : |
|---|---|
| ശ്രീ.മുഹമ്മദ് മുഹസിൻ പി. | ഇ. ചന്ദ്രശേഖരൻ<br>റവന്യൂവും ഭവനനിർമ്മാണവും വകുപ്പ് മന്ത്രി |
| (എ) റവന്യൂ വകുപ്പിൽ വില്ലേജ് ഓഫീസുകൾ അടക്കം അഴിമതിമുക്തമാക്കുന്നതിന്റെ ഭാഗമായി എന്തൊക്കെ നടപടികളാണ് സ്വീകരിച്ചിട്ടുള്ളത്; | (എ) റവന്യൂ വകുപ്പിലെ അഴിമതി നിയന്ത്രിക്കുന്നതിനായി മൂന്ന വിജിലൻസ് ഡെപ്യൂട്ടി കളക്ടർമാർക്ക് മൂന്ന മേഖലകളായി തിരിച്ച് ചുമതല നൽകിയിട്ടുണ്ട്. കൂടാതെ എല്ലാ ജില്ലാ കളക്ടേറ്റുകളിലും ഒരു സീനിയർ സൂപ്രണ്ടിന്റെ ചുമതലയിൽ ഇൻസ്പെക്ഷൻ ആന്റ് വിജിലൻസ് വിഭാഗം കാര്യക്ഷമമായി പ്രവർത്തിച്ച വരുന്നു. താലൂക്ക് തലത്തിൽ ഡെപ്യൂട്ടി തഹസിൽദാരുടെ നേതൃത്തിൽ പരിശോധനാ വിഭാഗവും പ്രവർത്തിച്ച വരുന്നുണ്ട്. എല്ലാ കളക്ടേറ്റുകളിലും റവന്യൂ ഡിവിഷണൽ ഓഫീസുകളിലും താലൂക്കാഫീസുകളിലും വാർഷിക പരിശോധന നടത്തിയിട്ടുള്ളതും താലൂക്കുകളിലെ വില്ലേജാഫീസുകളിലും ആകസ്മിക പരിശോധന നടത്തി പരിശോധനകുറിപ്പ് തയ്യാറാക്കി ന്യൂനതകൾ പരിഹരിച്ച് വരുന്നതുമാണ്. കൂടാതെ അഴിമതിരഹിത ഭരണ നിർവ്വഹണത്തിന വേണ്ടി സർക്കാർ നിർദ്ദേശ പ്രകാരമുള്ള നോട്ടീസുകൾ, ബന്ധപ്പെട്ട ഉദ്യോഗസ്ഥരുടെ ഫോൺ നമ്പരുകൾ, മേൽവിലാസം എന്നിവ കളക്ടേറ്റ്, താലൂക്ക്, വില്ലേജ് ഓഫീസ്, എന്നിവിടങ്ങളിൽ പ്രദർശിപ്പിച്ചിട്ടുണ്ട്. മേൽ പറഞ്ഞ ഓഫീസുകളിൽ വിജിലൻസ് & ആന്റി കറപ്ഷൻ ഉദ്യോഗസ്ഥരുടെ ഫോൺ നമ്പരുകൾ, ഓഫീസ് മേൽവിലാസം എന്നിവ നോട്ടീസ് ബോർഡിൽ പ്രദർശിപ്പിച്ചിട്ടുണ്ട്. പൊതു ജനങ്ങൾക്ക് കാര്യക്ഷമമായും അഴിമതി രഹിതവുമായ സേവനം നൽകുന്നതിന് ആവശ്യമായ |

നിർദ്ദേശങ്ങൾ ഉൾക്കൊള്ളുന്ന സർക്കുലറുകൾ റവന്യൂ വകുപ്പിലെ ജീവനക്കാർക്ക് നൽകിയിട്ടുണ്ട്.

| | |
|---|---|
| (ബി) വില്ലേജ് ഓഫീസുകളിൽ നിന്നും ഏതെല്ലാം സേവനങ്ങളാണ് ഇപ്പോൾ ഓൺലൈനായി ലഭ്യമാക്കിയിട്ടുള്ളതെന്ന് വ്യക്തമാക്കാമോ; | (ബി) വില്ലേജ്-താലൂക്ക് ഓഫീസുകളിൽ നിന്നും പൊതുജനങ്ങൾക്കാവശ്യമായ വിവിധ സർട്ടിഫിക്കറ്റുകൾ വേഗത്തിലും സുതാര്യമായും ലഭ്യമാക്കുക എന്ന ഉദ്ദേശ്യത്തോടെ ആവിഷ്കരിച്ച് നടപ്പിലാക്കിയിട്ടുള്ള പദ്ധതിയാണ് ' ഇ-ഡിസ്ട്രിക്റ്റ് പദ്ധതി' . നിലവിൽ 24 ഇനം സർട്ടിഫിക്കറ്റുകൾ ഈ പദ്ധതി മുഖേന ഓൺലൈനായി നൽകി വരുന്നു. ഭൂസംബന്ധമായി റവന്യൂ-രജിസ്ട്രേഷൻ വകുപ്പുകൾ നൽകുന്ന സേവനങ്ങളെ പരസ്പരം ബന്ധപ്പെടുത്തി കൈമാറ്റം ചെയ്യപ്പെടുന്ന ഭൂമിയുടെ പോക്കുവരവ് ഓൺലൈൻ മുഖേന സാധ്യമാകുന്നു. ആധുനിക വിവരസാങ്കേതിക വിദ്യയുടെ സഹായത്തോടെ വസ്തുവിന്റെ പോക്കുവരവ് നടപടികൾ വേഗത്തിലും സുതാര്യമായും കുറ്റമറ്റതായും നടപ്പിലാക്കുകയും ഏകോപിപ്പിക്കുകയും ചെയ്യുക എന്ന ഉദ്ദേശ്യത്തോടുകൂടിയാണ് സംയോജിത ഓൺലൈൻ പോക്കുവരവ് പദ്ധതി നടപ്പിലാക്കുന്നത്. സംസ്ഥാനത്ത് സംയോജിത ഓൺലൈൻ പോക്കുവരവ് സംവിധാനം നടപ്പിലാക്കിയിട്ടുള്ള വില്ലേജുകളിൽ അടയ്ക്കാവുന്ന റവന്യൂ വകുപ്പിലെ വിവിധ നികുതികൾ, സാമ്പത്തിക സേവനങ്ങൾ, വിവിധയിനം ഫീസുകൾ എന്നിവ ഇ-ട്രഷറി സംവിധാനവുമായി സംയോജിപ്പിച്ചു കൊണ്ടാണ് നടപ്പിലാക്കിയിരിക്കുന്നത്. |

**സെക്ഷൻ ഓഫീസർ**